# 'സൗരാഷ്ട്രക്കൊരു തിലകക്കുറി'

---

## ഇസ്കോൺ രാജ്കോട്ട് - സൗരാഷ്ട്രയുടെ മഹിമ' - ഒരു റിപ്പോർട്ട്

`***സൗരാഷ്ട്രയുടെ മഹിമ***' എന്ന് നാമകരണം ചെയ്യപ്പെട്ട രാജ്കോട്ടിലെ ഇസ്കോൺ ക്ഷേത്രത്തിന്റെ ഉദ്ഘാടനകർമ്മം വളരെയേറെ ഉത്സാഹത്തിമിർപ്പോടെ ശ്രീരാമനവമിയുടെ ശുഭവേളയിൽ (ഏപ്രിൽ 14, 2019) സംന്യാസിവര്യന്മാർ, ശ്രീല പ്രഭുപാദരുടെ ഉന്നത ശിഷ്യന്മാർ, ലോകമെമ്പാടുമുള്ള മുതിർന്ന വൈഷ്ണവർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ, ഇസ്കോൺ ഇന്ത്യ ചെയർമാനും ഭരണനിർവഹണസമിതി (ജി ബി സി ) അംഗവുമായ പരമപൂജ്യ ശ്രീല ഗോപാലകൃഷ്ണഗോസ്വാമി മഹാരാജ്, ഇസ്കോൺ ഗുജറാത്ത് സെക്രട്ടറിയും ശ്രീല പ്രഭുപാദരുടെ മുതിർന്ന ശിഷ്യനുമായ ശ്രീമാൻ യശോമതിനന്ദൻ പ്രഭു എന്നിവരുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. മൂന്നു ദിവസം നീണ്ടു നിന്ന ആഘോഷപരിപാടികളിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും അനേകായിരം ഭക്തജനങ്ങൾ പങ്കെടുത്തുവെന്നു മാത്രമല്ല അൻപതിനായിരത്തില്പരം സന്ദർശകർ ഭഗവദ്മൂർത്തികൾ അവരുടെ ഏറ്റവും ഐശ്വര്യപൂർണ്ണമായ ഗൃഹത്തിലേക്ക് പ്രവേശിക്കുന്നത് ദർശിക്കുവാൻ ഒത്തുകൂടി.

ഗുജറാത്തിന്റെ വടക്കുപടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന `സൗരാഷ്ട്ര' ചരിത്രപരമായി പരിപാവനതയ്ക്ക് പ്രഖ്യാതി നേടിയിട്ടുള്ളതാണ്.ഭഗവാൻ ശ്രീ കൃഷ്ണൻ ദ്വാരകാധാമമെന്ന നഗരം നിർമ്മിക്കുകയും, സൗരാഷ്ട്രയെന്ന ഈ സംസ്ഥാനത്തിൽ അദ്ദേഹത്തിന്റെ രാജ്ഞിമാരോടൊപ്പം നൂറിലേറെ വർഷം വാഴുകയും ഈ രാജ്യം ഭരിക്കുകയും ചെയ്തു.സൗരാഷ്ട്ര അതിപുരാതനമായ സോമനാഥ ക്ഷേത്രത്തിനാലും പ്രശസ്തിയാർജ്ജിച്ചതാണ്.അതിനെ കൂടുതൽ മഹത്തരമാക്കുവാനായി പരമകാരുണികനായ ഭഗവാൻ ശ്രീ കൃഷ്ണൻ ഇപ്പോൾ വ്യാവസായിക സാംസ്കാരിക നഗരമായ രാജ്കോട്ടിനെ വൈകുണ്ഠധാമമായി രൂപാന്തരപ്പെടുത്തിയിരിക്കുന്നു.

**മാർഗ്ഗദർശകനും ദീർഘവീക്ഷകനും** : ശ്രീ ശ്രീ രാധ നീലമാധവ ക്ഷേത്രത്തിന്റെ മാർഗ്ഗദർശകനും ദീർഘവീക്ഷകനുമായ :പരമപൂജ്യ ശ്രീല മഹാവിഷ്ണുഗോസ്വാമി മഹാരാജ് ഇസ്കോണിലെ ഒരു പ്രശസ്തനായ വൃദ്ധസന്യാസിയാണ്. മഹാരാജ് ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിൽ (1970s) ലണ്ടനിൽ വച്ച് ശ്രീല പ്രഭുപാദരെ കണ്ടുമുട്ടിയപ്പോൾ അദ്ദേഹത്തിന്റെ കൃഷ്ണാവബോധത്തിലുള്ള ജീവിതമാരംഭിക്കുകയും ഏകദേശം അദ്ദേഹത്തിന്റെ നാൽപതു വർഷത്തെ ജീവിതകാലം കൃഷ്ണാവബോധം പരിശീലിക്കുകയും ലോകമെമ്പാടുമുള്ള പ്രചാരണത്തിനായി ചിലവഴിക്കുകയും ചെയ്തു.ഭാഗവതത്തിനോടുള്ള അദ്ദേഹത്തിൻറെ

സ്നേഹത്തിനും എല്ലാവർക്കും ഭാഗവതത്തെ ജീവനും ആത്മാവിനും തുല്യമായി പരിഗണിക്കാൻ പ്രചോദനം നൽകുവാനുള്ള അദ്ദേഹത്തിൻറെ തനതായ രീതിക്കും അദ്ദേഹം പ്രശസ്തനാണ്.അദ്ദേഹത്തിന്റെ സ്നേഹപൂർവമുള്ള മാർഗ്ഗനിർദ്ദേശത്തിലൂടെ, ലളിതമായ ഭക്തിയുത സേവനത്തിലൂടെ , വൈദിക ശാസ്ത്രങ്ങളെ ദൈനംദിന ജീവിതത്തിൽ പ്രായോഗികമായി ഉപയോഗപ്പെടുത്തുന്നതിലൂടെ പുതുതായി പ്രവേശിച്ച നിരവധി പേർ കൃഷ്ണാവബോധത്തിലേക്കു ആകർഷിതരായത് മാത്രമല്ല കൂടാതെ കൃഷ്ണാവബോധം പരിശീലിക്കുന്ന ഭക്തരും ഭക്തിമാർഗത്തിൽ കൂടുതൽ വിശ്വാസവും നിശ്ചയദാർഢ്യവും നേടി.2003ൽ അദ്ദേഹം ദ്വാരകാധാമത്തിൽ ശ്രീ ശ്രീ രുക്മിണി ദ്വാരകാധീശർക്കായി അതിമനോഹരമായ ശിലാക്ഷേത്രം നിർമ്മിച്ചു, ഇപ്പോൾ 2019 ൽ , അദ്ദേഹം 2010ൽ ശ്രീകൃഷ്ണ ഭഗവാന്റെ നിത്യലീലയിൽ പ്രവേശിച്ച് ഒൻപതു വർഷത്തിന് ശേഷം, അദ്ദേഹത്തിൻറെ ശുദ്ധ ഭക്തി , ലാളിത്യം , ശ്രീല പ്രഭുപാദരിലുള്ള അദ്ദേഹത്തിന്റെ അചഞ്ചലമായ വിശ്വാസം, ശ്രീമദ് ഭാഗവത്തത്തിലുള്ള അദ്ദേഹത്തിന്റെ ദൃഢവിശ്വാസം എന്നിവയുടെ ഫലമായി ഈ അതിവിശേഷമായ അതിസുന്ദരമായ വെണ്ണക്കൽ ക്ഷേത്രം രൂപംകൊണ്ടു.

## <u>ചെറിയതുടക്കം</u> :

2002ൽ ഒരിക്കൽ പരമപൂജ്യ ശ്രീല മഹാവിഷ്ണു ഗോസ്വാമി മഹാരാജും ശ്രീമാൻ യശോമതിനന്ദൻ പ്രഭുവും കൂടി രാജ്കോട്ടിന്റെ പ്രാന്തപ്രദേശത്തുള്ള കലാവാഡ് റോഡുവഴി സഞ്ചരിക്കുമ്പോൾ പ്രഭു മഹാരാജിന് ഈ ഭൂമി കാണിച്ചുകൊടുക്കുകയും ഇത് താൻ 1986ൽ വാങ്ങിയതാണെന്നും തരിശുഭൂമിയായതിനാൽ യാതൊന്നും ഈ ഭൂമിയിൽ ചെയ്യാൻ സാധിക്കുകയില്ലെന്ന് ഉണർത്തിക്കുകയും ചെയ്തു.മഹാരാജ് ആ വസ്തുവനരികിൽ വാഹനം നിർത്തിയിട്ട് ശ്രീമാൻ യശോമതിനന്ദൻ പ്രഭുവിനോട് ഈ വസ്തു കൊണ്ട് ശ്രീല പ്രഭുപാദർക്ക് വേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നഭ്യർത്ഥിച്ചു.യശോമതിനന്ദൻ പ്രഭു സന്തോഷപൂർവം ശ്രീല പ്രഭുപാദരുടെ സേവനാർത്ഥം ആ ഭൂമി മഹാരാജിന്റെ നല്ല കരങ്ങളിലേൽപ്പിച്ചു.

## <u>ദുർഘടമായ വെല്ലുവിളികളും തളരാത്ത ആവേശവും</u> :

2002 ൽ രാജ്കോട്ടിലെ ഈ ഭൂഭാഗത്തിലേക്ക് കാൽവയ്ക്കുമ്പോൾ അദ്ദേഹത്തിന് 84 വയസ്സ് പ്രായമായിരുന്നു , മാത്രമല്ല ഇവിടം ഒട്ടും തന്നെ ജലം ലഭ്യമല്ലാത്ത തരിശു ഭൂമിയായിരുന്നു. ആരംഭത്തിലെ ദിനങ്ങൾ ജലസ്രോതസ്സുകളില്ലാതെ ശുഷ്കിച്ച മനുഷ്യശക്തിയുമായി അത്യന്തം ദുഷ്കരമായിരുന്നു. പൂർണ്ണമായും ഭഗവാൻ ശ്രീ കൃഷ്ണനെ ആശ്രയിച്ച് , മഹാരാജ് ഗാഢമായി പ്രാർത്ഥിച്ചിരുന്നതുകൂടാതെ , എന്നുമിവിടെ ഹരിനാമസങ്കീർത്തനത്തിനു പോകുമായിരുന്ന വിരലിലെണ്ണാവുന്ന കുറച്ചു ഭക്തന്മാരുടെ കൂടെ ഭാഗവതപാരായണവും ഹരിനാമജപവും ചെയ്തിരുന്നു. തന്റെ ശുദ്ധഭക്തന്റെ തീവ്ര ഭക്തിയിൽ പ്രസന്നനായ ഭഗവാൻ ഈ തരിശു നിലത്തിൽ അദ്ഭുതകരമായി ഒരു ജല സ്രോതസ്സ് വെളിപ്പെടുത്തി. അതിൽപിന്നെ മഹാരാജ്

ഉത്സാഹപൂർവം സ്ഥലത്തുള്ള ഒരു വ്യവസായിയായ ശ്രീ മഹേന്ദ്രസിംഗ് ജഡേജയുടെ സഹായത്തോടെ ഇടത്തരം വലിപ്പമുള്ള ഒരു അമ്പലവും ഇരുപതു മുറികളുള്ള ഒരു അതിഥി മന്ദിരവും പണിതീർക്കുവാനുള്ള ശ്രമമാരംഭിച്ചു. അതിഥിമന്ദിരം 2003ൽ പൂർത്തിയാവുകയും ശ്രീശ്രീ രാധാ നീല മാധവ , ശ്രീ ശ്രീ പ്രഹ്ലാദ നരസിംഹദേവ് , ശ്രീ ശ്രീ ജഗന്നാഥ് ബലദേവ് സുഭദ്ര വിഗ്രഹങ്ങൾ അവരുടെ തന്നെ അഗ്രഹം പോലെ വന്നെത്തുകയും വേദവിധി പ്രകാരം 2003ൽ ഭഗവദ്മൂർത്തികളുടെ ആഗമനത്തിനു ശേഷം, അതുവരെ എല്ലാവേനലിലും കടുത്തവരൾച്ചകൊണ്ട് വലഞ്ഞിരുന്ന നഗരത്തിൽ, നിവാസികൾക്കു ആനന്ദവും ആശ്വാസവും നൽകിക്കൊണ്ട് അദ്ഭുതകരമായി വേണ്ടത്ര മഴ ലഭിക്കുന്നുണ്ട്.

## <u>വളർച്ചയുടെ ദിനങ്ങൾ</u>

ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും സന്ദർശിക്കാനെത്തുന്ന ഭക്തജനങ്ങൾ വർദ്ധിച്ചു വരുന്നതിനൊപ്പം, മഹാരാജിന്റെ പരിശുദ്ധിയും സഹവാസവും കൊണ്ട് , ഒരു നല്ല ഭക്തസംഘം രൂപം പ്രാപിച്ചു. ഞായറാഴ്ച്ചത്തെ വിരുന്നുസത്കാരം വളരെ വേഗം ജനപ്രീതി നേടുകയും കീർത്തനമാലപിച്ച് നൃത്തം ചെയ്യുന്ന നൂറുകണക്കിന് ഭക്തരെക്കൊണ്ട് ഹാൾ നിറയുകയും ചെയ്തു. ജന്മാഷ്ടമി നാലുദിവസമായി ആഘോഷിക്കുകയും ഉത്സവപരിപാടികളിൽ ചുറ്റുവട്ടത്തുള്ള ലക്ഷക്കണക്കിന് ഭക്തജനങ്ങൾ പങ്കെടുക്കുകയും ചെയ്തു. രഥയാത്രയിലും മറ്റുള്ള എല്ലാ ഉത്സവങ്ങളിലും ആയിരക്കണക്കിന് ഭക്തജനങ്ങൾ പങ്കെടുത്തിരുന്നു.വളരെവേഗം മഹാരാജ് ഇരുപതിലപ്പരം പശുക്കളുള്ള `ഗോപാല ഗോശാല' ഉദ്ഘാടനം ചെയ്തു. ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ 120 ലേറെ കുട്ടികൾ പഠിക്കാനെത്തിയ ഒരു വേദ പാഠശാല - ശ്രീ പ്രഹ്ലാദ അന്താരാഷ്ട്രീയ പാഠശാല (ശ്രീ പ്രഹ്ലാദ് ഇന്റർനാഷണൽ സ്കൂൾ) മഹാരാജ് ഉദ്ഘാടനം ചെയ്തു. മഹാരാജ് സ്വയം ഒരദ്ധ്യാപകനായതിനാൽ എന്നും കുട്ടികളെ പഠിപ്പിക്കുന്നത് ഇഷ്ടപ്പെട്ടിരുന്നു. എന്നാൽ അദ്ദേഹത്തിൻറെ സ്വന്തം സേവനത്തിന്റെ പരിധികളിൽ ഒരിക്കലും തൃപ്തനാകാത്ത മഹാരാജ്, വൈകാതെ തന്നെ നമ്മോട് അദ്ദേഹത്തിൻറെ ദീർഘകാലദർശനം, ശ്രീല പ്രഭുപാദർക്കുള്ള അദ്ദേഹത്തിൻറെ ജീവിതകാല സമർപ്പണം വെളിപ്പെടുത്തി - ശ്രീ ശ്രീ രാധ നീലമാധവിനായി , സർവോൽകൃഷ്ടമായ, അതിവിപുലമായ, വെണ്ണക്കല്ലിൽ നിർമ്മിച്ച ഒരു ക്ഷേത്രം - '***സൗരാഷ്ട്രയുടെ മഹിമ***'.

## <u>'സൗരാഷ്ട്രയുടെ മഹിമ' യുടെ ഭൂമി പൂജ :</u>

ഈ മഹാക്ഷേത്രത്തിന്റെ ഭൂമിപൂജ 2007 ലാണ് നിർവഹിക്കപ്പെട്ടത്. ഭൂമിപൂജയുടെ വേളയിൽ മഹാരാജ് ഞങ്ങളെക്കൊണ്ട് ഒരു അതിവിശേഷമായ സേവനം ചെയ്യിക്കുകയുണ്ടായി.അദ്ദേഹം ഞങ്ങളെ എല്ലാവരെയും കൊണ്ട് അനേകം നോട്ട് പുസ്തകങ്ങളിൽ എല്ലാ താളുകളിലും നിറയെ ***ഹരേ കൃഷ്ണ മഹാമന്ത്രം*** എഴുതിച്ചു.അതിനു ശേഷം അദ്ദേഹം അവയെല്ലാം അനന്തശേഷനൊപ്പം അടിത്തറയിൽ സ്ഥാപിക്കാൻ ഞങ്ങളോട് നിർദേശിച്ചു. എന്നിട്ടദ്ദേഹം ഉറപ്പിച്ചിങ്ങനെ പറഞ്ഞു , " തിരുനാമങ്ങളായിരിക്കും ഈ

ക്ഷേത്രത്തിന്റെ അടിത്തറയും, തിരുനാമങ്ങളായിരിക്കും ഈ ക്ഷേത്രം നിർമ്മിക്കുന്നതും.നാമല്ല ഈ ക്ഷേത്രം നിർമ്മിക്കുന്നത്. നാം ചെയ്യേണ്ട ഒരേ ഒരു കാര്യം നാമോച്ചരണം, വേദഗ്രന്ഥപഠനം, മംഗള ആരതി മറ്റു സേവനങ്ങൾ ഇപ്രകാരമുള്ള ആത്മാർത്ഥമായ ഭക്തിയുതസേവനമാണ്. നമ്മുടെ ആത്മാർത്ഥമായ ഭക്തിയുത സേവനത്തിന്റെ ബലത്തിൽ ഈ ക്ഷേത്രം ഉയർന്നു നിൽക്കും." അങ്ങനെ പരമപുരുഷൻ ഭഗവാൻ ശ്രീ കൃഷ്ണന്റെ അപാരമായ കൃപ കൊണ്ട് ഈ ക്ഷേത്രത്തിന്റെ നിർമ്മാണം ആരംഭിച്ചു.

## <u>ധനം ശേഖരിക്കൽ കൃഷ്ണന്റെ ചുമതലയാണ്, നമ്മുടെയല്ല :</u>

ധനം ലഭിക്കുന്നതിനനുസൃതമായി നിർമ്മാണം പുരോഗമിക്കുന്നത് മഹാരാജ് ഉറപ്പു വരുത്തിയിരുന്നു. എത്രതന്നെ ലക്ഷ്മി വന്നിരുന്നുവോ, അത് നൂറു ശതമാനം നിർമ്മാണപ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിരുന്നു.അതേ സമയം, ഒരു കർശനമായ ആദർശമെന്ന നിലയിൽ, മഹാരാജ് ആരോടും ഒരിക്കലും ധനസഹായം ആവശ്യപ്പെടുമായിരുന്നില്ല.അദ്ദേഹത്തിൻറെ ഈ പ്രശസ്തമായ പ്രസ്താവന പലപ്പോഴും നമ്മുടെ ചെവികളിൽ മുഴങ്ങാറുണ്ട് , " നമ്മുടെ ജോലി ഭക്തിയുത സേവനമാണ്, കൃഷ്ണന്റെ ജോലിയാണ് അദ്ദേഹത്തിൻറെ ക്ഷേത്രം നിർമ്മിക്കുക എന്നത്. നാമെന്തിനാണ് അദ്ദേഹത്തിൻറെ ക്ഷേത്രത്തിനായി ശേഖരിക്കാൻ പോകേണ്ടത് ? നമ്മെ ആശ്ചര്യപ്പെടുത്തുന്ന വിധം അദ്ദേഹം ഇങ്ങനെയും ഒരിക്കൽ പറയുകയുണ്ടായി ." കൃഷ്ണൻ നമുക്ക് അടിത്തറ നിർമിക്കാനുള്ള പണം മാത്രമാണ് നല്കുന്നതെങ്കിൽ, നാമത് നിർമ്മിച്ച് അവിടെ സങ്കീർത്തനം ചെയ്യും." കൃഷ്ണന്റെ പ്രതികരണം എന്ത് തന്നെ ആയാലും അത്രയ്ക്കായിരുന്നു അദ്ദേഹത്തിന് അതിലുള്ള സംതൃപ്തി.

മഹാരാജ് ഈ ക്ഷേത്ര നിർമ്മാണത്തിനായി മൂന്ന് പ്രധാന ആദർശങ്ങൾ അദ്ദേഹത്തിൻറെ ശിഷ്യന്മാരോട് നിർദേശിച്ചിരുന്നു :

1 . ഒരിക്കലും ആരോടും ലക്ഷ്മി യാചിക്കരുത്.

2. ശ്രീ ശ്രീ രാധ നീല മാധവിനുള്ള അതിമനോഹരമായ വെണ്ണക്കല്ലിലുള്ള ക്ഷേത്രം നിർമ്മിക്കാൻ കഠിന പ്രയത്നം ചെയ്യുക.

3. സ്നേഹമസൃണമായ രീതിയിലുള്ള ഇടപാടുകൾ പരിശീലിക്കുകയും എല്ലാവരേയും വിനയപൂർവം സേവിക്കുകയും ചെയ്യുക. നിങ്ങളുടെ ഇന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്തുന്നവരെ മാത്രം സേവിക്കുകയല്ല വേണ്ടത്.

ഈ ആദർശങ്ങൾക്കുപരിയായി മഹാരാജ് ഇങ്ങനെയും പറഞ്ഞിരുന്നു, "ഉദ്ഘാടനവേളയിൽ, സന്ദർശിക്കാനെത്തുന്ന ഭക്തർക്ക് ഏറ്റവും മികച്ചരീതിയിൽ താമസം, യാത്ര, പ്രസാദം ഇവയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും വിശാലമനസ്സോടെ ചിലവാക്കുകയും ചെയ്യുക".സംഘടിതമായി ആചരിക്കാൻ അസാദ്ധ്യമായ ഈ ആദർശങ്ങൾ എങ്ങനെയാണ് നടപ്പിലാക്കേണ്ടത് ? ***പരമപുരുഷന്റെ പാദാരവിന്ദങ്ങളിൽ അചഞ്ചലമായ വിശ്വാസവും ഭക്തിയും വളർത്തിയെടുക്കുക*** എന്നത്

മാത്രമേയുള്ളു, ഈ ആദർശങ്ങൾ പാലിക്കുവാനുള്ള ഒരേ ഒരു മാർഗ്ഗമെന്നു മഹാരാജ് സ്വന്തം മാതൃക കൊണ്ട് തന്നെ നമുക്ക് കാണിച്ചുതന്നു. പല സന്ദർഭങ്ങളിൽ ഭക്തർ മൊത്തമായി ഒരു തുക നല്കാമെന്നേറ്റിട്ട് പിന്നീട് അവരുടെ വാഗ്ദാനത്തിൽ നിന്ന് പിന്മാറിയിട്ടുണ്ട്. പക്ഷേ മഹാരാജ് അതിനവരോട് ഒരിക്കലും പരിഭവം കാണിച്ചിരുന്നില്ല എന്നതുകൂടാതെ അവർക്കു അദ്ദേഹത്തിൻറെ സ്നേഹമയമായ തണലേകി ആശ്വാസം നൽകിയിരുന്നു. അതേസമയം അദ്ദേഹം ഒരിക്കലും ഏതെങ്കിലും ധനികനായ വ്യക്തിയെ അവരിൽനിന്നും ധനസഹായം നേടുവാനുള്ള ഉദ്ദേശത്തോടെ പ്രീണിപ്പിച്ചിരുന്നുമില്ല. ഇതുമായി ബന്ധപ്പെട്ട്, അദ്ദേഹം ജീവിതപാഠമായി കരുതിയിരുന്ന മനോഹരമായ ഈ ശ്ലോകം, പലപ്പോഴും ഉദ്ധരിച്ചിരുന്നു :

രേ രേ ചാതക ! സാവധാനമനസാ മിത്ര ക്ഷണം ശ്രൂയതാം
അംഭോദാ ബഹവോ വസന്തി ഗഗനേ സർവേ ƒപി നൈകാദൃശാഃ ।
കേചിത് വൃഷ്ടിഭിരാർദ്രയന്തി ധരണീം ഗർജന്തി കേചിദ്വൃഥാ
യം യം പശ്യസി തസ്യ തസ്യ പുരതോ മാ ബ്റൂഹി ദീനം വചഃ ॥

ചാതകപ്പക്ഷി അഥവാ വേഴാമ്പൽ മഴവെള്ളം മാത്രമേ കുടിക്കുകയുള്ളു അതും സ്വാതി നക്ഷത്രം വരുന്ന ദിവസം മാത്രം.

കവി ഇപ്രകാരം അതിനെ സംബോധന ചെയ്യുകയാണ് , " എന്റെ സുഹൃത്തേ, ചാതക, ഒരു നിമിഷം ഞാൻ പറയുന്നത് കേൾക്കൂ. എപ്പോഴും ഒരു കാര്യം മനസ്സിലാക്കുക. ആകാശത്തിൽ വളരെയേറെ മേഘങ്ങളുണ്ട്. എന്നാൽ എല്ലാ മേഘങ്ങളും നിന്റെ ദാഹം ശമിപ്പിക്കുകയില്ല. അവയിൽ ചിലത് ഭൂമിയെ നനയ്ക്കുകയും ചിലത് വെറുതെ ഒച്ചയുണ്ടാക്കി കടന്നു പോകുകയും ചെയ്യും. അതുകൊണ്ട് ദയവായി ഓരോ മേഘത്തിനെ കാണുമ്പോഴും വെള്ളത്തിനായി വായ തുറക്കുകയും കേഴുകയുമരുത്. "

ചില അവസരങ്ങളിൽ തങ്ങളെകൊണ്ടു ലക്ഷ്മിസേവ സാധിക്കുകയില്ല എന്ന് ചില ഭക്തർ പരിതപിച്ചിരുന്നു. മഹാരാജ് സ്നേഹപൂർവം അവരോടു പറയും, ' വിഷമിക്കരുത് മകനെ. പണം അയക്കേണ്ട ആവശ്യമില്ല. നാമജപം ചെയ്ത് അതിന്റെ കണക്ക് അറിയിക്കൂ, നിന്റെ നാമജപം ഈ ക്ഷേത്രത്തെ പണിതുയർത്തും. നിനക്ക് എന്തെങ്കിലും ലക്ഷ്മി ആവശ്യമുണ്ടെങ്കിൽ നാം തരുന്നതാണ്. അച്ഛനോട് എന്ത് സഹായവും ചോദിക്കാൻ മകൻ മടിക്കരുത്."

ലക്ഷ്മി ശേഖരിക്കുന്നത് സംബന്ധിച്ച് മഹാരാജ് പലപ്പോഴും ശ്രീമദ് ഭാഗവതത്തിൽ നിന്നുള്ള, അദ്ദേഹത്തിന് വളരെ പ്രിയങ്കരമായ, ഈ ശ്ലോകം (6.10.6) ഉദ്ധരിച്ചിരുന്നു :

**നൂനം** സ്വാർഥപരോ ലോകോ ന വേദ പരസങ്കടം ।
യദി വേദ ന യാചേത നേതി നാഹ യദീശ്വരഃ ॥

അങ്ങേയറ്റം സ്വാർത്ഥരായ ആളുകൾ അന്യരുടെ വ്യഥയറിയാതെ അവരിൽനിന്ന് എന്തെങ്കിലും യാചിക്കുന്നു. പക്ഷേ യാചകൻ ദാനം നൽകുന്നവരുടെ വിഷമം അറിയുന്ന പക്ഷം അവരിൽ നിന്ന് ഒന്നും ആവശ്യപ്പെടുകയില്ല. അതുപോലെ ദാനം ചെയ്യാൻ കഴിവുള്ളവൻ യാചകന്റെ

ബുദ്ധിമുട്ട് അറിയുന്നില്ല. അറിയുന്ന പക്ഷം അവൻ യാചകന് ദാനമായി ആവശ്യമുള്ളതെന്തായാലും അത് നിരസിക്കുകയില്ല.

## ഭക്തി ക്ഷേത്രം നിർമ്മിക്കുന്നു :

ക്ഷേത്രങ്ങൾ പണം കൊണ്ടല്ല മറിച്ച് നമ്മുടെ ആത്മാർത്ഥമായ ഭക്തിയുത സേവനം കൊണ്ടാണ് നിർമ്മിക്കപ്പെടുന്നതെന്ന് അദ്ദേഹത്തിൻറെ ശക്തമായ സാക്ഷാത്ക്കാരം, മഹാരാജ് തന്റെ ശിഷ്യന്മാരുടെ ഹൃദയങ്ങളിൽ പതിപ്പിച്ചുറപ്പിച്ചു. അദ്ദേഹം ഒരിക്കൽ തനിയ്ക്ക് ഗാഢമായി ബോദ്ധ്യമായ വസ്തുത പങ്കിട്ടു ," നാം ഒരു ക്ഷേത്രം നിർമ്മിക്കുമ്പോൾ നമ്മുടെ ഭക്തിയുത സേവനമാണ് പടുത്തുയർത്തുന്നത്. ഇവ വ്യത്യസ്തമല്ല. അതുകൊണ്ടു നമ്മുടെ ഭക്തിയുടെ ചട്ടക്കൂടാണ് ക്ഷേത്രത്തിന്റെ അടിത്തറയാകേണ്ടത്."

രാജ്കോട്ടിലെ പ്രധാന ക്ഷേത്രം മഹാരാജിന്റെ തളരാതെയുള്ള പരിശ്രമം കൊണ്ടും മാർഗ്ഗനിർദ്ദേശം കൊണ്ടുമാണ് പൂർത്തിയാക്കപ്പെട്ടത്. ദിവസവും പ്രഭാതത്തിൽ, ഭാഗവത പ്രഭാഷണത്തിന് ശേഷം, മഹാരാജ് ആറേഴ് മണിക്കൂർ പുതിയ ക്ഷേത്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി ചിലവഴിച്ചിരുന്നു. അദ്ദേഹം ഓരോ നിർമ്മാണ തൊഴിലാളിയോടും സ്നേഹപൂർവം സംസാരിക്കുകയും അവരുടെ സുഖവിവരം, കുടുംബം എന്നിങ്ങനെ എല്ലാറ്റിനെക്കുറിച്ചും അന്വേഷിക്കുകയും ചെയ്തിരുന്നു. തൊഴിലാളികൾ സന്തോഷപൂർവം അഭിപ്രായപ്പെട്ടിരുന്നു ," ഞങ്ങൾ പല അമ്പലങ്ങൾ പണിതിട്ടുണ്ട്. പക്ഷെ ഈ അമ്പലം അതിവിശിഷ്ടമാണ് കാരണം ഞങ്ങൾക്ക് ശമ്പളത്തിനോടൊപ്പം സ്നേഹവും ലഭിക്കുന്നു." മഹാരാജ് സൂക്ഷ്മമായി ഓരോ ചിലവും പരിശോധിക്കുകയും കഴിയുന്നത്ര രീതിയിൽ പണച്ചിലവ് കുറയ്ക്കാനും ശ്രമിച്ചിരുന്നു. അദ്ദേഹം നമ്മെയും അദ്ദേഹത്തിൻറെ മാതൃക പിന്തുടരുവാൻ പ്രോത്സാഹിപ്പിച്ചിരുന്നു.

## ഒരു ശുദ്ധഭക്തൻ കൃഷ്ണന്റെ നിത്യധാമത്തിലേക്ക് മടങ്ങുന്നു :

2010, ജനു. 25 ന് മഹാരാജ് ഭൗതിക ലോകത്തിലെ ലീലകൾക്ക് അന്ത്യം കുറിച്ച് ഭഗവാൻ ശ്രീകൃഷ്ണന്റെ നിത്യലീലയിൽ പ്രവേശിച്ചു. മഹാരാജ് ലൗകികമായി നമുക്ക് ദൃശ്യനല്ലെങ്കിലും അദ്ദേഹത്തിൻറെ സാന്നിദ്ധ്യം ഇസ്കോൺ രാജ് കോട്ടിന്റെ വികസനത്തിന്റെ ഓരോ ചുവടുവെയ്പിലും ഞങ്ങൾക്ക് അനുഭവപ്പെട്ടിരുന്നു. 'സൗരാഷ്ട്രയുടെ മഹിമ' എന്ന പദ്ധതി പൂർത്തിയാക്കുവാനുള്ള സേവനം അദ്ദേഹം , ശ്രീമാൻ ദേവകിനന്ദൻ പ്രഭു , ശ്രീമാൻ വൈഷ്ണവ സേവാ പ്രഭു എന്നിവരുടെ കഴിവുറ്റ നേതൃത്വത്തിലുള്ള അദ്ദേഹത്തിൻറെ ശിഷ്യന്മാരെ ഏല്പിച്ചു.
വർഷങ്ങൾ പിന്നിടുമ്പോൾ, മഹാരാജിന്റെ വളരെ കുറച്ചു ശിഷ്യന്മാരിൽ നിന്നുമാണ് ധന സഹായം എത്തിയിരുന്നത് , ഈ പദ്ധതിയിൽ വലിയ ദാതാക്കൾ ആരും തന്നെ പങ്കുചേർന്നിരുന്നില്ല എന്നുതന്നെ പറയാം. പരമ പൂജ്യ ശ്രീല മഹാവിഷ്ണു ഗോസ്വാമി മഹാരാജിന്റെ ഭക്തിഭാവം ഉൾക്കൊണ്ട് , ശ്രീമാൻ ദേവകിനന്ദൻ പ്രഭുവിന്റെ നേരായ മാർഗ്ഗദർശനത്തോടുകൂടി, ശ്രീമാൻ വൈഷ്ണവ സേവാ പ്രഭു, എത്ര തന്നെ വെല്ലുവിളികളുണ്ടായിട്ടും, പൂർണ്ണ ലക്ഷ്യബോധത്തോടെ, ഒട്ടും മുടക്കം വരുത്താതെ കഠിന പ്രയത്നം

ചെയ്തിരുന്നു, ഭാഗവതപഠനത്തിന്റെ സ്വാഭാവികമായ പരിണത ഫലം വൈരാഗ്യം അഥവാ നിസ്സംഗത തന്നെയാണെന്ന് മഹാരാജ് നമ്മെ പഠിപ്പിച്ചിരുന്നത് പോലെ, ചില ശിഷ്യന്മാർ അവരുടെ മൊത്തം സ്വത്തുക്കളും, സമ്പാദ്യവും, വരുമാനവും പദ്ധതി വേഗം പൂർത്തിയാക്കുവാനായി സംഭാവന ചെയ്തു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള മഹാരാജിന്റെ വേറെ പല ശിഷ്യന്മാരും, അഭ്യുദയകാംക്ഷികളും, അവരവരുടെ പ്രാപ്തിക്കനുസൃതമായി സംഭാവനകൾ നല്കുവാനാരംഭിച്ചു.

## **കൃഷ്ണൻ തന്നെ അദ്ദേഹത്തിൻറെ സ്വന്തം ക്ഷേത്രം നിർമ്മിക്കുന്നു :**

മഹാരാജിന്റെ കൃപ കൊണ്ട് 2014 അടുപ്പിച്ച് ക്ഷേത്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിലായി. ക്ഷേത്രത്തിന്റെ ആദ്യത്തെ രൂപരേഖയും ഇപ്പോൾ നമ്മുടെ കൺമുൻപിൽ പ്രകടമായിരിക്കുന്ന അതിഗംഭീരമായ രൂപവും ഭാവനക്കതീതമായ രീതിയിൽ വ്യത്യസ്തങ്ങളാണ്. രൂപകൽപന ചെയ്ത വാസ്തുശില്പിയും രചനയിലേർപ്പെട്ട എഞ്ചിനീയർമാരും എല്ലാവരും തന്നെ ഈ ദൃശ്യപ്രഭാവത്തിൽ ആശ്ചര്യഭരിതരാണ്. തികച്ചും അസാദ്ധ്യമെന്നു കരുതിയ നിർമ്മാണം സാദ്ധ്യമായത് മഹാരാജിന്റെ പരിശുദ്ധിയും ഭഗവാൻ ശ്രീ കൃഷ്ണനെ സന്തുഷ്ടനാക്കുവാനുള്ള അദ്ദേഹത്തിൻറെ തീവ്രമായ അഭിലാഷവും കൊണ്ട് മാത്രമാണെന്ന് ഇത് നിസ്സംശയം തെളിയിക്കുന്നു.

അദ്ദേഹത്തിൻറെ തിരോധാനവേളയിൽ മഹാരാജ് അദ്ദേഹത്തിൻറെ ശിഷ്യന്മാരോട്, ക്ഷേത്രനിർമ്മാണം പൂർത്തിയാക്കുന്നതിന്, മുതിർന്ന അധികൃതരായ പരമപൂജ്യ ശ്രീല ഗോപാല കൃഷ്ണ ഗോസ്വാമി മഹാരാജ്, ശ്രീമാൻ യശോമതിനന്ദൻ പ്രഭു എന്നിവരുടെ മാർഗ്ഗോപദേശം തേടാൻ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ഉന്നതശ്രേണിയിലുള്ള വൈഷ്ണവരുടെയും ശ്രീല പ്രഭുപാദരുടെ അതീന്ദ്രിയമായ കുടുംബത്തിലെ മറ്റു പല ആത്മാർത്ഥരായ ശുഭചിന്തകരുടേയും അനുഗ്രഹാശിസ്സുകൾകൊണ്ട് , അതിരമണീയമായ, പൂർണ്ണമായി വെണ്ണക്കൽ പതിച്ച ഈ മഹാക്ഷേത്രം, ഇസ്കോൺ ജുഹുവിലെ ശ്രീമാൻ ദേവകിനന്ദൻ പ്രഭുവിനാൽ ശ്രീ ശ്രീ രമാ രാമ രാമാനുജ ഹനുമാൻ എന്ന മനോഹരമായ നാമധേയങ്ങൾ നൽകപ്പെട്ട ശ്രീ ശ്രീ സീതാ രാമ ലക്ഷ്മണ ഹനുമാൻമാരുടെ പ്രതിഷ്ഠാകർമ്മത്തോടുകൂടി, ഏറ്റവും ശുഭകരമായ ശ്രീ രാമനവമിദിനത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു.

രാജസ്ഥാനി വാസ്തുകലയുടെ ഒരു അത്യുത്തമ മാതൃകയാണ് ഈ ക്ഷേത്രം. പ്രധാനമായ ഒന്നും, കൂടാതെ ഇടത് വശത്തും വലത് വശത്തും ഓരോന്നുമായി മൂന്നു പ്രവേശന കവാടങ്ങളാണുള്ളത്. മേൽക്കൂര, അടിത്തട്ട് , ഉൾഭാഗം, പുറംഭാഗം എല്ലാം തന്നെ ശുദ്ധമായ വെണ്ണക്കല്ലിലാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഓരോ കവാടത്തിനു മുന്നിലും ഭംഗിയായി രൂപരചന ചെയ്ത മൂന്ന് ജലധാരായന്ത്രങ്ങളുമുണ്ട്.

പരിമിതമായ ദാതാക്കൾ, പരിമിതമായ ധനശേഷി, പരിമിതമായ പിന്തുണ എന്നിങ്ങനെ ആയിരുന്നിട്ടുപോലും, ഈ മനോഹരമായ, ഗംഭീരമായ, അത്യാകർഷകമായ ക്ഷേത്രം സാംസ്കാരികവ്യാവസായിക നഗരമായ രാജ്കോട്ടിൽ പ്രകടമായതിനുള്ള കാരണം പരിശുദ്ധഭക്തനായ ശ്രീല മഹാവിഷ്ണു ഗോസ്വാമിമഹാരാജിന്റെ തീവ്രമായ അഭിലാഷം, അദ്ദേഹത്തിന് ശ്രീമദ് ഭഗവതത്തിലെ തത്ത്വങ്ങളിലുള്ള ഉറച്ച വിശ്വാസം , ശ്രീല പ്രഭുപാദരുടെ അനുഗ്രഹങ്ങൾ, പിന്നെ ശ്രീ ശ്രീ രാധ നീല മാധവിന്റെ അഹൈതുകമായ കൃപ ഇവകൊണ്ടുമാത്രമാണ്.

## '**സൗരാഷ്ട്രയുടെ മഹിമ'യുടെ ഉദ്ഘാടനകർമ്മങ്ങൾ**:

പലവിധ യജ്ഞങ്ങളും , ഹോമങ്ങളും, കലശസ്ഥാപനവും , മഹാഅഭിഷേകവും പ്രാണപ്രതിഷ്ഠയുമായി മൂന്നു ദിവസങ്ങളിലായി (ഏപ്രിൽ 12 മുതൽ 14 വരെ) ഉദാഘാടന കർമ്മങ്ങൾ നിർവഹിക്കപ്പെട്ടു. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നെത്തിയ ഭക്തർ 1008 (ആയിരത്തിയെട്ട് ) ഭോഗ വഴിപാട് തയ്യാറാക്കി. പരമപൂജ്യ ശ്രീല ഗോപാലകൃഷ്ണ ഗോസ്വാമി മഹാരാജിന്റെയും ശ്രീമാൻ യശോമതിനന്ദൻ പ്രഭുവിന്റെയും അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങുകളിൽ മുതിർന്ന വൈഷ്ണവരായ പരമപൂജ്യ ശ്രീല ലോകനാഥ് മഹാരാജ് , പരമപൂജ്യ ശ്രീല ഭക്തി നിത്യാനന്ദ മഹാരാജ്, പരമപൂജ്യ ശ്രീല ഭക്തി ആശ്രയ വൈഷ്ണവ മഹാരാജ്, പരമപൂജ്യ ശ്രീല അമിയ വിലാസ് മഹാരാജ്, പരമപൂജ്യ ശ്രീല രൂപ രഘുനാഥ മഹാരാജ്, പരമപൂജ്യ ശ്രീല ഭക്തി മാധുര്യ ഗോവിന്ദ മഹാരാജ്, ശ്രീമാൻ ജന നിവാസ് പ്രഭു , ശ്രീമാൻ പങ്കജാന്ഘ്രി പ്രഭു, ശ്രീമാൻ നരസിംഹാനന്ദ പ്രഭു , ശ്രീമാൻ ബ്രജ ഹരി പ്രഭു , ശ്രീമാൻ ദേവകീനന്ദൻ പ്രഭു (ഇസ്കോൺ ജുഹു), ശ്രീമാൻ ഭീമ പ്രഭു, ശ്രീമാൻ ബസുഘോഷ് പ്രഭു, ശ്രീമാൻ നിത്യാനന്ദ പ്രഭു, ശ്രീമാൻ സച്ചിദാനന്ദ പ്രഭു, ശ്രീമാൻ വിഷ്ണുനാം പ്രഭു, ശ്രീമാൻ ജഗത് സാക്ഷി പ്രഭു, ശ്രീമാൻ ഭക്തി വിനോദ് പ്രഭു, ശ്രീമാൻ ആത്മാറാം പ്രഭു, ശ്രീമാൻ വൃന്ദാവൻ ചന്ദ്ര പ്രഭു എന്നിവർ പങ്കെടുത്തു,

ഈ മൂന്നു ദിവസവും ശ്രീ ശ്രീ രാധാനീലമാധവിന്റെ ധാമം മധുരതരമായ കീർത്തനങ്ങൾ കൊണ്ട് മുഖരിതമാവുക മാത്രമല്ല ഭഗവാൻ ശ്രീരാമചന്ദ്രന്റെ ദിവ്യാഭിലാഷമെന്ന പോലെ അദ്ദേഹത്തിൻറെ ആവിർഭാവദിനത്തിൽ, പരമപൂജ്യ ശ്രീല ലോകനാഥ് മഹാരാജ് ഇമ്പമേറിയ ഗാനാലാപം കൊണ്ട് നയിച്ച, ആയിരക്കണക്കിന് ഭക്തന്മാരുടെ അത്യുച്ചത്തിലുള്ള നാമസങ്കീർത്തനത്തിനൊപ്പം ശ്രീ ശ്രീ സീതാ രാമ ലക്ഷ്മണ ഹനുമാൻ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു. ഏപ്രിൽ 14 ന് സായാഹ്നത്തിൽ ഗുജറാത്ത് മുഖ്യമന്ത്രി ശ്രീ വിജയ് രൂപാനിയും കർണ്ണാടക ഗവർണർ ശ്രീ വജു ഭായി വാലയും ചടങ്ങുകളിൽ പങ്കെടുത്തു തിളക്കം കൂട്ടുകയും ഭഗവാൻ ശ്രീ കൃഷ്ണനെയും ശ്രീല പ്രഭുപാദരെയും പ്രകീർത്തിക്കുന്ന അതിമനോഹരമായ പ്രഭാഷണങ്ങൾ നൽകുകയും ചെയ്തു.

## നിലവിലുള്ളതും ഭാവിയിലേക്കുമുള്ള പ്രചാരണ പരിപാടികൾ :

ശ്രീമാൻ വൈഷ്ണവ സേവാ പ്രഭുവും അദ്ദേഹത്തിൻറെ കൂടെയുള്ള ഭക്തസംഘവും, പരമപൂജ്യ ശ്രീല മഹാവിഷ്ണു ഗോസ്വാമി മഹാരാജിന്റെ പാത പിന്തുടർന്ന്, പരിശ്രമവും കഠിനപ്രയത്നവും ചെയ്ത്, പിന്നിട്ട വർഷങ്ങളിലായി ഒരു നല്ല ഭക്ത സംഘത്തെ വാർത്തെടുത്തിട്ടുണ്ട്. ഈ ഭക്ത കുടുംബത്തിൽ അനേകം പുതിയ ഭക്തർ പതിവായി ചേർന്ന് കൊണ്ടുമിരിക്കുന്നു. ഭഗവാൻ ശ്രീ കൃഷ്ണന്റെ അഹൈതുകമായ കൃപ കൊണ്ട് ക്ഷേത്രാന്തരീക്ഷത്തിലും പ്രസാദത്തിലും ആകൃഷ്ടരായവരും പല സേവനങ്ങളിൽ ഏർപ്പെടുന്നവരുമായ, അടുത്തുള്ള കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് വേണ്ടി നല്ല ഒരു യുവപരിപാടി ആഴ്ച്ചതോറും നടത്തിവരുന്നു. രാജ്‌കോട്ടിലും സമീപപ്രദേശങ്ങളിലും നിരവധി കോളേജുകൾ ഉള്ളതിനാൽ, യുവാക്കളെ കൃഷ്ണാവബോധത്തിലേക്ക് ആകര്ഷിക്കുവാനായി പല പരിപാടികളും ക്രമാനുഗതമായി സംഘടിപ്പിക്കുന്നുണ്ട്. ഭക്തസഭയിലുള്ള മാതാജിമാർക്കു വേണ്ടി ആഴ്ച്ചതോറും കൂടുന്ന '**രാധാറാണി സഭ**'യുണ്ട്. പതിവായി സന്ദർശിക്കുന്ന ഭക്തർ നൽകുന്ന ഭഗവദ് ഗീത, ഭാഗവതം പ്രഭാഷണങ്ങൾ ഭക്തർക്ക് ഗൗരവപൂർവം ശ്രീല പ്രഭുപാദരുടെ ഗ്രന്ഥങ്ങളുടെ അദ്ധ്യയനത്തിലേർപ്പെടുവാൻ പ്രോത്സാഹനമാകുന്നു.

വരുംദിനങ്ങളിൽ, ശ്രീ ശ്രീ രാധ നീലമാധവിന്റെ അനുഗ്രഹങ്ങളോടെ താഴെ പറയുന്ന പദ്ധതികൾക്ക് ആരംഭം കുറിക്കുന്നതാണ് :

1. അന്നാമൃത സേവ - ദിവസവും രാജ്‌കോട്ടിലെ ആയിരക്കണക്കിന് സർക്കാർ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ഉച്ചയൂണ് വിളമ്പുന്നതാണ്.
2. ഗോശാല വികസനം - വേദവിധി പ്രകാരമുള്ള ജീവിതചര്യ പ്രചരിപ്പിക്കാനായി നിലവിലുള്ള ഗോശാല കൂടുതൽ പശുക്കളേയും കന്നുകളേയും പാർപ്പിക്കാവുന്ന വിധം വികസിപ്പിക്കുകയും അവരുടെ ഉത്പന്നങ്ങൾ വിനിയോഗിക്കുകയും ചെയ്യും.
3. ഗോവിന്ദാസ് ഭക്ഷണശാല - ശ്രീല പ്രഭുപാദരുടെ ആഗ്രഹപ്രകാരം സന്ദർശകർക്ക് പ്രസാദം വിതരണം ചെയ്യുവാനായി ഒരു നല്ല നവീന രീതിയിലുള്ള ഗോവിന്ദാസ് ഭക്ഷണശാല വരുംദിനങ്ങളിൽ പ്രവർത്തിച്ചു തുടങ്ങും.
4. ആയുർവേദ ആശുപത്രി - പ്രകൃതിദത്തമായ ഔഷധങ്ങൾകൊണ്ട് രോഗികളെ ശുശ്രൂഷിക്കുന്ന ഒരു നല്ല ചെറിയ ആയുർവേദ ആശുപത്രി തുടങ്ങുന്നതാണ്.
5. വേദ ഗ്രന്ഥശാല - എല്ലാ പുരാതന ഗ്രന്ഥങ്ങളും, ശ്രീല പ്രഭുപാദരുടെ ഗ്രന്ഥങ്ങളും നമ്മുടെ ആചാര്യന്മാരുടെ കൃതികളും ഉൾകൊള്ളുന്ന ഒരു വേദ ഗ്രന്ഥശാല ക്ഷേത്ര പരിസരത്ത് തുടങ്ങുവാനുദ്ദേശമുണ്ട്.

ഭാവിയിൽ സൗരാഷ്ട്രയുടെ മഹിമയായ ഇസ്കോൺ ക്ഷേത്രം ഗുജറാത്ത് സംസ്ഥാനത്തിലെ ഒരു സുപ്രധാന സന്ദർശന കേന്ദ്രമായിത്തീരും. ഇതിപ്പോൾ ഗുജറാത്തിലെ ഏറ്റവും വലിയ ക്ഷേത്രങ്ങളിൽ രണ്ടാം രാജ്കോട്ടിലെ ഈശ്വരഭക്തിയുള്ള എല്ലാ ജനങ്ങൾക്കും ഈ ക്ഷേത്രം ഒരു അനുഗ്രഹമാണെന്നു മാത്രമല്ല ഇതവരുടെ ഭൗതിക ക്ലേശങ്ങളകറ്റുന്നതു കൂടാതെ അവരുടെ ആദ്ധ്യാത്മിക പുരോഗതിക്കും സഹായകമാകും. വാസ്തവത്തിൽ ഇത് രാജ്കോട്ട് നിവാസികൾക്ക് മാത്രമല്ല, മാനവരാശിയുടെ തന്നെ ഭൗതികവും ആദ്ധ്യാത്മികവുമായ പുരോഗതിയിൽ സഹായിക്കുന്ന, മികവുറ്റ ഒരു മഹാസാംസ്കാരിക കേന്ദ്രമായിരിക്കും.